# GHS KOLATHUR

**LITTLE KITES IT CLUB**
**GHS KOLATHUR**

# നീലാകാശം

ഡിജിറ്റൽ മാഗസിൻ 2023-24





# LITTLE KITES BATCHES



-8TH




-9TH



-10TH

# ആശംസ


ജിഎച്ച്എസ് കൊളത്തൂർ
ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ
നേതൃത്വത്തിൽ
'നീലാകാശം' എന്ന പേരിൽ
ഒരു ഡിജിറ്റൽ മാഗസിൻ
പ്രകാശിതമാവുന്നു എന്നറിഞ്ഞ
തിൽ ഏറെ സന്തോഷം....
കഥകളും, കവിതകളും,
ചിത്രങ്ങളും ഒക്കെയായി
കുരുന്നു ഭാവനകൾ
പീലിവിടർത്തുന്നുണ്ട്
'നീലാകാശത്തിൽ'.....

ഇതിന് പിന്നിൽ
പ്രവർത്തിച്ചവർക്കും
മുന്നിൽ നിന്നവർക്കും
സ്നേഹം നിറഞ്ഞ ആശംസകൾ...
ഇത്തരം സർഗ്ഗാത്മക
പ്രവർത്തനങ്ങൾക്ക്
തുടർച്ചയും, വളർച്ചയും
ഉണ്ടാകട്ടെ.....

സ്നേഹം, നന്മ
സത്യനാഥൻ.പി.
പ്രധാനാധ്യാപകൻ.

ഹെഡ്മാസ്റ്റർ:

പി.സത്യനാഥൻ

G.H.S Kolathur

# ഉള്ളടക്കം


- കുഞ്ഞിയമ്മ--------വൈഷ്ണവ് ----------1
- സമയം-----------ഗൗരിലക്ഷ്മി.പി ---------2
- നക്ഷത്രം---------- ത്രിഷ ----------3
- പൂന്തോട്ടം-------- ശ്രീയ അശോക് ---------4
- ഗഗനം ---------നിവേദ്യ.ടി ----------5
- മഴവില്ല് ---------- ദേവാങ്ക് ---------6`
- അമ്മുവിന്റെ സ്വപ്നം---------- വൈഗ --------- 7
- മാന്ത്രിക വീടും ഒരു പെൺകുട്ടിയും-------- നീവേദ്യ.എ ---------8
- നീരാവി---------യദു കൃഷ്ണൻ --------9
- വിഡ്ഢിയായ കുറുക്കൻ ----------10
- സ്വപ്ന സാക്ഷാൽകാരം---------ആയിഷത്ത് ഹിസാന -------11
- അച്ഛനും മകനും ----------സമന്യ.എസ് --------12
- ചിത്രം------------സാന്ദ്ര .എസ്. കെ -------13
- ചിത്രം------------സൗര്യ .കെ --------14
- ശലഭങ്ങൾ---------ഡോ.സന്തോഷ് പനയാൽ -------15
- ചിക്കുവിന്റെ മോഹം---------രഷ്മിക -------16
- ചിന്നുവും മിന്നുവും----------ദേവാധ്വനി.എ.വി -------17
- എന്റെ വിദ്യാലയം ---------പാർവൺ പ്രകാശ് -------18
- മലയാളം--------അൻഷിക.എം --------19
- കുക്കുവും വിക്കുറും -------20
- പൂക്കാലം--------അലൻ കൃഷ്ണൻ ----------- 21
- പിരിഞ്ഞുപോയ കുടുംബം------- ദുർഗ.എ -------- 22
- പൂന്തോട്ടത്തിലെ സുന്ദരി -------- ആരാധ്യ.കെ -----------23
- സന്തോഷത്തിന്റെ ലോകം -------ഫർസാന ---------24
- പറന്നുയരാൻ മോഹം-------- അമൽദേവ് ----------25
- അമ്മ താറാവും കുഞ്ഞുങ്ങളും--------- ദേവഹിത .എസ് .എ ----26
- मेरा दोस्त------- അനിരുദ്ധ് .എ ---------27
- മൃതിയെ ത്തേടുന്നവൻ------ ശ്രീഷ്മ .സി.കെ --------- 28
- മലയാളം ------ അൻശിഖ.എം --------- 29
- സൂര്യൻ ------ ആദിക.കെ.പി ---------30
- പ്രഭാതം ------ആര്യനന്ദ --------- 31

# കുഞ്ചിയമ്മ

മഞ്ചേരിയുള്ളൊരു കുഞ്ചിയമ്മ
വഞ്ചിതുഴഞ്ഞു വരുന്നു മെല്ലെ
വഞ്ചിയിൽ സഞ്ചിയും കൂടെയുണ്ട്
സഞ്ചിയിൽ ഇഞ്ചി നിറച്ചുമുണ്ട്
വഞ്ചിയിറങ്ങി കടപ്പുറത്ത്
ഇഞ്ചികൊടുത്തിട്ട് കൊഞ്ചുവാങ്ങി
കൊഞ്ചുന് പഞ്ചാരപ്പാൽ മുട്ടായി
അഞ്ചെണ്ണം വാങ്ങി മടിയിൽ വച്ച്
തഞ്ചത്തിൽ വഞ്ചി തുഴഞ്ഞുകൊണ്ട്
മഞ്ചേരിവന്നെത്തി കുഞ്ചിയമ്മ

വൈഷ്ണവ്

1A




# സമയം

ഓടുകയാണവന്മുമ്പിൽ ജീവിതം
നിമിഷങ്ങൾ,ദിനങ്ങൾ,ആണ്ടുകൾ
പരിഭ്രമം തിളക്കുകയാണോ,
ആ മിഴികളിൽ,
നിലതെറ്റി വീഴുകയാണോ
ജീവിതം,
നിരന്തരമാത്മാവിനോടവൻ ചോദിച്ചു
കൈവിട്ടുപോവുകയാണോ
ആ നിമിഷങ്ങൾ?

ഗൗരിലക്ഷ്മി പി
7C

# നക്ഷത്രം

ആകാശത്തിൽ മിന്നിതിളങ്ങും നക്ഷത്രം
ഇരുട്ടിൽ കാണാൻ എന്തൊരു ഭംഗി
കണ്ണ് തുറന്ന് മിന്നിനിൽക്കും നക്ഷത്രം
നിന്റെ തിളക്കം കണ്ണിൽ തെളിയും
ദൂരമില്ല കൈകളിൽ പിടിക്കാനാവില്ല
എന്തൊരു ഭംഗി നിന്നെ കാണാൻ
എന്നെയരികിൽ നീ വരികില്ലേ
മിന്നിതിളങ്ങും നക്ഷത്രം

–ത്രിഷ 3B

# പൂന്തോട്ടം

കൊച്ചു കാട്ടിൽ.... പൂന്തോട്ടം
നല്ല ഭംഗിയുള്ള  പൂന്തോട്ടം
നല്ല സുഗന്ധമുള്ള  പൂന്തോട്ടം
നല്ല വിരിഞ്ഞു നിൽക്കും  പൂന്തോട്ടം
പച്ച പുല്ലുകൾ വിരിഞ്ഞു നിൽക്കും
പൂന്തോട്ടം
ആ....... നല്ല പൂ.....ന്തോട്ടം

ശ്രീയ അശോക്
3B



# ഗഗനം

ചോരപീന്തിയ പാതയോരങ്ങളിൽ
ഇഴഞ്ഞുനീങ്ങുന്ന കുട്ടി.
വൈരപ്പൊടി വിതറിയ ആകാശത്തിൽ
പാൽനിലാവ് ഒഴുകുന്നില്ല,
മരണമൊഴിയുടെ പരുക്കൻകല്ലുകൾ മാത്രം.
ജീവിതമെന്ന ചില്ലുകൂടുമൊത്തം
ക്ലേശത്തിന്റെ പുക പറ്റിപ്പിടിച്ചിരിക്കുന്നു.
മരണമെന്ന മഹാപുസ്തകത്തിൽ
താളുകൾ  കൂട്ടിച്ചേർത്തുകൊണ്ടിരിക്കുന്നു.
ബോംബുകൾ ചിന്നിച്ചിതറുന്ന ആകാശത്തേക്ക്
അവൾ നോക്കി നിന്നു.
അവളോട് ദയ കാണിക്കാത്ത
മരണത്തേ തേടുകയായിരിക്കുമവൾ.
ചവിട്ടിമെതിക്കപ്പെട്ട വഴിയോരത്തെ
പൂക്കൾ പോലെ ഓരൊ ജീവനും
മരണത്തിന്റെ മാറിൽ മയങ്ങിക്കിടക്കുന്നു.
കണ്ണീർ വറ്റിത്തീരാത്ത നീർചോലകൾ
പ്രപഞ്ചത്തിന്റെ മാറിടത്തിൽ
അശാന്തിയുടെ നീലാകാശം തീർത്തു.

-നിവേദ്യ ടി.

# <u>മഴവില്ല്</u>

**മഴവില്ലെ മഴവില്ലെ**
**ഏഴുനിറത്തിൽ മഴവില്ലേ**
**നിന്നുടെ കൂടെ കൂടാന്**
**കൊതി തോന്നുന്നു മഴവില്ലേ**
**നിനക്ക് താഴെ വന്നൂടെ**
**വെറുതെ നിന്നാൽ മുഷുയില്ലെ**
**നീ ഇവിടെ നിന്ന് പോകല്ലേ**

**Devang**
**3B**

# അമ്മുവിന്റെ സ്വപ്നം

അമ്മു ഒരു മിടുക്കികുട്ടിയാണ്. ഒരു രാത്രിയിൽ വീട്ടുമുറ്റത്ത് നിൽകുകയായിരുന്ന അമ്മുവിന്റെ അരികിലേക്ക് ഒരു മേഘം താഴ്നിറങ്ങി വന്നു. എന്നിട്ട് മേഘം അമ്മുവിനെയും കൂട്ടി മിഠായികുന്നിലേക്ക് പോയി. അവിടെ എത്തിയപ്പോൾ മേഘം അവളെ പതിയെ താഴെയിറക്കി മിഠായിയുടെ കൂമ്പാരമുള്ള കുന്നിന്റെ ചെരുവിൽ ചെന്ന് ആവശ്യത്തിനുള്ളതു മാത്രമാണ് അമ്മു എടുത്തത് അതോടെ അമ്മുവിനോട് അത്യാഗ്രഹമില്ലാത്ത നിന്നെ ഞാൻ മഴവില്ലിനെ തൊടിയിക്കാം, കൂടാതെ മറ്റു സമ്മാനങ്ങളും നൽകാം എന്ന് പറഞ്ഞ് കൊണ്ട് മേഘം അവളെ തന്റെ ദേഹത്തുകയറ്റിയിരുത്തിയതിന് ശേഷം മഴവില്ലിനെ തൊടിയിപ്പിച്ചു. പാടങ്ങൾക്കും, മലകൾക്കും, കുന്നുകൾക്കും, കടലുകൾക്കും മുകളിലൂടെ അവൾ യാത്ര ചെയ്തു. അങ്ങനെ യാത്രയുടെ ഇടയിലാണ് ആ ശബ്ദം കേട്ടത്" ണിം,.... ണിം...ണിം... ണിം...അപ്പോൾ മേഘം പറഞ്ഞു, അമ്മുകുട്ടി, എനിക്കുതിരിച്ചുപോകാൻ സമയമായിരിക്കുന്നു. നീ ആ ശബ്ദം കേട്ടില്ലേ.... ഇതുപറഞ്ഞു തീർന്നപ്പോഴേക്കും മേഘം അവളെ താഴെയിറക്കിയിരുന്നു. മോളേ.... എണീക്ക്.... ഇന്ന് നിനക്ക് പരീക്ഷയുള്ളതല്ലേ?അമ്മ കൊട്ടി വിളിച്ചപ്പോഴാണ് അവൾ ഉണർന്നത്. കണ്ടത് സ്വപ്നമായിരുന്നു. അതുകൊണ്ട് അവൾക്ക് നിരാശ തോന്നി.

വൈഗ
4.A

# മാന്ത്രിക വീടും
# ഒരു പെൺ കുട്ടിയും

ഒരു ദിവസം ഒരു കുട്ടി കാട്ടിൽ കൂടി തനിച്ച് പോവുകയായിരുന്നു. അവൾക്ക് മൃഗങ്ങളെ വളരെ ഇഷ്ടമായിരുന്നു. അതുവഴി പോകുന്ന മുയലിനെ കണ്ട് അവൾ ആ മുയലിന്റെ പിന്നാലെ പോയി. അപ്പോൾ അവൾക്ക് തോന്നി ഇനി ഞാൻ എങ്ങനെ വീട്ടിൽ പോകും. പോരാത്തതിന് അവൾ കാട്ടിലെ നടുവിലെ എത്തിയിരുന്നു. അവൾക്ക് വളരെ പേടിയായി. അപ്പോൾ അവൾ കുറച്ചു അങ്ങോട്ടു എന്തോതിളങ്ങുന്നതായി തോന്നി. അവൾ ആകാംക്ഷയോടെ അങ്ങോട്ട് പോയി. അതു ഒരു വീടായിരുന്നു.അവൾ ആ വീടിന്റെ അകത്തേക്ക് ചെന്നു. അതിനകത്ത് ഒരു വലിയ കണ്ണാടിയുണ്ടായിരുന്നു. അവൾ ആ കണ്ണാടിയുടെ അകത്തേക്ക് ചെന്നു. അതിൽ നിന്ന് ഒരു മാന്ത്രികമായ ശബ്ദം പുറപ്പെട്ടു. അവൾ ഭയന്നുവെങ്കിലും അവൾക്ക് അതു കേട്ടപ്പോൾ സന്തോഷമായി ആ കണ്ണാടി പറഞ്ഞു നീ പറയുന്ന മൂന്ന് ആഗ്രഹങ്ങളും സാധിച്ചുതരാമെന്നായിരുന്നു. അവൾ അവളുടെ കുടുംബം നല്ല സമ്പന്നകുടുംബമാകണം എന്ന് പറഞ്ഞു. പിന്നെ അവളുടെ കുടുംബത്തെ ആരും ആക്രമിക്കരുത്, ഞാൻ തിരിച്ച് എന്റെ വീട്ടിലേക്ക് എത്തണം. അപ്പോൾ പറഞ്ഞ ആഗ്രഹം നടന്നു. അവൾ ഇതിനെ പറ്റി ആരോടും പറഞ്ഞില്ല. പക്ഷേ നാട്ടുകാർക്കൊന്നും ഇതു വിശ്വസിക്കാനായില്ല.

നിവേദ്യ.എ
5.A

# നീരാവി

കടലുണ്ടാകും പുഴകൊണ്ട്

പുഴയുണ്ടാകും തോടുകൊണ്ട്

തോടുണ്ടാകും അരുവികൊണ്ട്

അരുവിയുണ്ടാകും വെള്ളം കൊണ്ട്

വെള്ളമുണ്ടാകും മേഘംകൊണ്ട്

മേഘമുണ്ടാകും നീരാവികൊണ്ട്

Yadhu krishna T

## വിഡ്ഢിയായ കുറുക്കൻ

ചന്ദനക്കാട്ടിലെ മുയലും മാനും കൂട്ടുകാരായിരുന്നു. ഒരുദിവസം മുയലും മാനും പുഴക്കരയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ കുറുക്കൻ വന്നു.കുറുക്കൻ വിചാരിച്ചു ഇവർ പുഴയിൽ മുങ്ങണം. കുറുക്കൻ മുയലിനെയും മാനിനെയും പുഴയിൽ തള്ളിയിട്ടു. കുറുക്കൻ ചിരിച്ചു. അവിടെയുണ്ടായിരുന്ന പഴത്തൊലിയെ കുറുക്കൻ കണ്ടില്ല. അത് ചവിട്ടി കുറുക്കൻ പുഴയിലേക്ക് വീണു.

# സ്വപ്നം സാക്ഷാൽക്കാരം

ഒരു ഗ്രാമത്തിൽ ഒരു അമ്മയും മകളും ജീവിച്ചിരുന്നു. അമ്മയുടെ പേര് രാധ. മകളുടെ പേര് മാളു. അവർ വളരെ പാവപ്പെട്ടവരായിരുന്നു. അവരുടെ വീട്ടിൽ വളരെ ദാരിദ്ര്യം അനുഭവപ്പെടുന്നുണ്ടായിരുന്നു. ദാരിദ്ര്യത്തിന് ഇടയിലും മാളുവിന് ഒരു കുറവും വരാതെ അവളുടെ അമ്മ നോക്കിയിരുന്നു. രാധക്ക് വീട്ടുജോലിയായിരുന്നു. അവിടുന്ന് കിട്ടുന്ന ഭക്ഷണവും വസ്ത്രവും മാളുവിന് കൊണ്ടുകൊടുക്കുമായിരുന്നു. മാളുവിന്റെ അച്ഛൻ ഒരു അപകടത്തിൽ മരിച്ചിരുന്നു. അതുകൊണ്ട് മാളുവിന് അമ്മയും അമ്മയ്ക്ക് മാളു മാത്രമായിരുന്നു ഉള്ളത്. അവർക്ക് ആരും ബന്ധുക്കൾ ഉണ്ടായിരുന്നില്ല. അവർ ദൂരെ നിന്നും ഈ ഗ്രാമത്തിലേക്ക് വന്നവരാണ്. മാളു സ്കൂളിൽ പഠിക്കുകയാണ്. അവൾ പഠിക്കാൻ നല്ല മിടുക്കിയായിരുന്നു. ഏത് കാര്യത്തിലും അവൾ ഒന്നാമത് ആയിരുന്നു. അവളുടെ ഏറ്റവും വലിയ സ്വപ്നം ഡോക്ടർ ആവുക എന്നതാണ്. അമ്മ രാധ അതിനുവേണ്ടി അവളുടെ ഒപ്പം തന്നെ ഉണ്ടായിരുന്നു. മാളുവിന് അവളുടെ സ്കൂളിൽ കുറേ കൂട്ടുകാർ ഉണ്ടായിരുന്നു. അവരോടെല്ലാം അവൾ അവളുടെ സ്വപ്നം പറഞ്ഞിരുന്നു. അവൾ പഠിച്ച് എല്ലാ ക്ലാസിലും ഒന്നാമതായി തന്നെ വിജയിച്ചു. അവളുടെ ആഗ്രഹം പോലെ തന്നെ അവൾ പഠിച്ചു ഡോക്ടറായി. അമ്മക്കൊരു ആഗ്രഹമുണ്ടായിരുന്നു. പാവപ്പെട്ട രോഗികളെ ഫീസ് ഇല്ലാതെ ചികിത്സിക്കണം എന്ന്. മാളുവിന്റെ ചെറുപ്പകാലത്ത് അവർക്ക് വളരെ പൈസക്ക് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു.ഇതു മനസ്സിലാക്കിയാണ് അമ്മ അങ്ങനെ പറഞ്ഞത്. ഡോക്ടറായതിനുശേഷം അമ്മയെ ജോലിക്ക് വിട്ടില്ല. മാളുവും രാധമ്മയും സന്തോഷത്തോടെ ജീവിച്ചു.

ആയിഷത്ത് ഹിസാന.എൻ.

# അച്ഛനും മകനും

ഒരു ദിവസം മനുവും മനുവിന്റെ അച്ഛനും ആപ്പിൾ തോട്ടത്തിൽ ആപ്പിൾ പറിക്കാനായി പോയി. വലിയ ഒരു വടിയെറിഞ്ഞു അത് അവന്റെ അച്ഛന്റെ തലയിൽ വീണു.ആ സംഗതിയും പോയി. രണ്ടാമത് അച്ഛൻ തന്നെ മരത്തിന്റെ മുകളിൽ കയറാൻ തീരുമാനിച്ചു. അച്ഛൻ ആപ്പിൾ മരത്തിൽ കയറി അപ്പോൾ താഴെ വീണു. പിന്നീട് അച്ഛൻ തന്റെ ഷൂസ് എടുത്ത് ആപ്പിളിനടുത്ത് എറിഞ്ഞു. അച്ഛന്റെ ആ ഷൂസ് മരത്തിൽ കുടുങ്ങി. അവസാനം മനുവും അച്ഛനും വീട്ടിലേക്ക് മടങ്ങി. പെട്ടെന്ന് മരത്തിൽ നിന്ന് ആപ്പിൾ താഴെ വീണു.

സമന്യ.എസ്.5C







-Sandra SK









-Sourya

# ശലഭങ്ങൾ

സന്തോഷ് പനയാൽ

'അയ്യോ... കയറരുതേ അരുതേ... അത് തകരാറിലാണ്.' എന്ന് ഒച്ചവെച്ചു കൊണ്ട് ആ കെട്ടിടത്തിൻ്റെ ലിഫ്റ്റിനടുത്തേക്ക് അവിടെയുള്ളവരെല്ലാം ഓടിക്കൂടി.

സെമിത്തേരി കടന്ന് മസ്ജിദ് റോഡ് മുറിച്ച് അമ്പലമുക്കിലെ കലുങ്കും ചാടി മറിഞ്ഞ് മാർക്കറ്റിലെ ഇടവഴികളിലൂടെ കിതച്ച് അവർ രണ്ടു പേർ ശ്വാസം വിട്ടത് പിന്തുടർന്നു വന്ന ഒച്ചകളെ പിന്നിലാക്കി ആ ലിഫ്റ്റിൻ്റെ ഇരുമ്പു വാതിലുകൾ ചേർന്നടഞ്ഞപ്പോഴായിരുന്നു.

തകരാറിലായിരുന്ന ലിഫ്റ്റിൻ്റെ വാതിൽ മൂന്നാം നാളാണ് വിദഗ്ധന്മാർ വന്ന് തുറന്നത്. അപ്പോൾ മായിക വർണ്ണങ്ങൾ ചാലിച്ചെഴുതിയ രണ്ട് ചിത്രശലഭങ്ങൾ ഉയരങ്ങളിലേക്ക് പറന്നു പോയി.

# ചിക്കുവിന്റെ മോഹം

ഒരിടത്ത്  ഒരു കുഞ്ഞി കോഴി ഉണ്ടായിരുന്നു. അവളുടെ പേരാണ് ചിക്കു. ഒരു ദിവസം രാവിലെ അവൾ മുറ്റത്ത് കൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു വലിയ പാത്രത്തിൽ നിറയെ വെള്ളം നിറച്ചു വച്ചത് കണ്ടത്. അവൾ ഓടി പാത്രത്തിന്റെ അടുത്ത് എത്തി അതാ അവിടെ ഒരു കടലാസ് തോണി. അവൾക്കൊരു മോഹം ആ കടലാസ് തോണിയിൽ കയറി വെള്ളത്തിലൂടെ പോയാലോ അവൾ വേഗം  കടലാസ് തോണി കൊത്തി വെള്ളത്തിൽ ഇട്ടു എന്നിട്ട് അതിൽ കയറി തോണി പാത്രത്തിലെ വെള്ളത്തിൽ അങ്ങോട്ട് ഇങ്ങോട്ടും ഒഴുകി. ഹായ് എന്തു രസം ചിക്കുവിന് സന്തോഷമായി.

രശ്മിക വി രതീഷ്

1.B

# ചിന്നുവും മിന്നുവും

ഒരു ദിവസം രാത്രി ചിന്നു ആന ഒരു കാട്ടിലെത്തി. അവിടുന്ന് മിന്നു എലിയെ കണ്ടു. ഹായ് മിന്നു! എലി ഹായ്! കുഞ്ഞലി എവിടുന്നാ വരുന്നത്? ഞാൻ അപ്പുറത്തെ മാളത്തിൽ നിന്നാണ് വരുന്നത്. നീ എന്തിനാ വരുന്നത്? ഞാൻ കിടക്കാൻ സ്ഥലം കിട്ടാതിരുന്നത് കൊണ്ടാണ് വന്നത് ഇവിടെ നല്ല തണുപ്പില്ലേ! ചിന്നു അതാ അമ്പിളി. അമ്പിളിയോ! അതെന്താണ് അതാ ആകാശത്ത് ഒരുവട്ടം കണ്ടോ അതാണ് അമ്പിളി. അതാ മിന്നാമിനുങ്ങ് കണ്ടോ ഇത് രാത്രിയിൽ വരുന്ന ഒരു ജീവിയാണ്. നമുക്ക് കിടന്നുറങ്ങാം. അവർ ഉറങ്ങി.

ദേവാധ്വനി.എ. വി

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയമെന്നു കേൾക്കുമ്പോൾ എന്നുമഭിമാനമാണെനിക്ക്... ഒത്തിരി കൂട്ടുകാർ ഒന്നിച്ച് ചേരുന്ന കൊച്ചു വിദ്യാലയമാണെന്റേത് ആട്ടവും പാട്ടുമായി പാഠം പഠിക്കുന്ന നല്ല വിദ്യാലയമാണെന്റേത് അമ്മയെപ്പോലെ സ്നേഹം വിളമ്പുന്ന നല്ലൊരു ടീച്ചറുമുണ്ടെനിക്ക്.  ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിയായതിൽ ഏറെ സന്തോഷമാണെനിക്ക്!

പാർവൺ പ്രകാശ് 4B

# മലയാളം

മധുരം നിറയും മലയാളം
മധുരം കിനിയും മലയാളം
മഹനീയതയുടെ മലയാളം
മഹത്വമേറും മലയാളം
കീർത്തിഴുന്നൊരു മലയാളം
വർണ്ണമെഴുന്നൊരു മലയാളം
കേരളനാടിൻ കമനീയതയെ
കനകം ചാർത്തിയ മലയാളം
മാമല നാടിൻ മലയാളം
മാനവികതയുടെ മലയാളം
മാവേലി നാടിൻ സംസ്കാരത്തെ കിങ്ങിണി കെട്ടിയ
മലയാളം
മണ്ണിൽ ഉണർന്നൊരു മലയാളം
വിണ്ണിലുയർന്നൊരു മലയാളം
മണ്ണും വിണ്ണും ഒന്നായി പാടിയ ജനകോടികളുടെ
മലയാളം

അൻഷിഖ.എം

# കുക്കുവും വിക്കുവും

ഒരു കാട്ടിൽ കുക്കുവും വിക്കുവും എന്ന രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു.ഒരു ദിവസം കാടിനു പുറത്ത് വന്നപ്പോൾ കുക്കുവും വിക്കുവും ഒരു കോഴിക്കൂട് കണ്ടു.അവിടെ ചെന്ന് കോഴിയെ പിടിച്ച് തിന്നാൻ നോക്കി.അപ്പോഴാണ് കോഴി ശബ്ദം ഉണ്ടാക്കിയത്.ഇതുകേട്ട് വീട്ടുകാർ വന്ന് കുക്കുവിനെയും വിക്കുവിനെയും കല്ലെറിഞ്ഞ് ഓടിച്ചു.രണ്ടും പേടിച്ച് കാട്ടിലേക്ക് ഓടിപ്പോയി.

# പൂക്കാലം

ഒരു ദിവസം അപ്പുവിന്റെ അച്ഛൻ ഒരു പൂവ് നട്ടു.നല്ല മണമുള്ള പൂവായിരുന്നു. നട്ടത് മുതൽ അപ്പു പൂവിന് എപ്പോഴും വെള്ളം ഒഴിക്കുമായിരുന്നു. ഒരുമാസത്തേക്ക് അവൻ ടൂർ പോയിരുന്നു. അവന് പൂവിന്റെ കാര്യം മറന്നു. അവൻ ടൂർ  പോയി.  അവൻ ടൂർ പോയപ്പോൾ പൂ വിരിഞ്ഞിരുന്നു. അവൻ വന്നപ്പോൾ പൂവ് വാടിയിരുന്നു. അപ്പുവിന് സങ്കടമായി. അപ്പു അച്ഛനോട് പറഞ്ഞു  "അച്ഛാ അതേ പൂവ് വാങ്ങുമോ" "അതിനു വലിയ പൈസയാണ് പിന്നെ ഞങ്ങൾ കോഴികളെ വാങ്ങിയില്ലേ? കോഴി പൂവിനെ കൊത്തി തിന്നും അതുകൊണ്ട് കൂടെയാണ് പൂവിനെ വാങ്ങാത്തത്" അപ്പുവിന് സങ്കടം തോന്നി. കരഞ്ഞു. എന്റെ പൂവേ പൂവേ എന്ന് പറഞ്ഞ് പൂവിന്റെ ഒരു ചിത്രം വരച്ചു വച്ചു. അച്ഛൻ പിന്നെയും ആ പൂവ് വാങ്ങി. "നീ സൂക്ഷിക്കുമല്ലേ ".

അലൻ കൃഷ്ണ.എ.
3B

# പിരിഞ്ഞു പോയ കുടുംബം

**പ**ണ്ട് പണ്ട് ഒരു മരത്തിൽ ഒരു കുടുംബം താമസിച്ചിരുന്നു. അതിൽ അമ്മയുണ്ട് അച്ചനുണ്ട് മൂന്ന് കുഞ്ഞങ്ങളുമുണ്ട് .പക്ഷേ, കുരുവി അമ്മ എപ്പോഴും അച്ചന്റൊപ്പം വഴക്കുകൂട്ടും.അപ്പോൾ ഒരു ദിവസം അമ്മ കുരുവി തീറ്റ തേടി പോയി. കുഞ്ഞുങ്ങൾ കീ..കീ..എന്നു കരഞ്ഞുകൊണ്ടിരുന്നു. അമ്മ കുരുവി തീറ്റ തേടി പോയപ്പോൾ കുറച്ചുവേട്ടക്കാർ അതിനെ വെടിവെച്ചുകൊന്നു. പാവം കുഞ്ഞുങ്ങൾ ഒന്നും അറിയുന്നില്ല. പക്ഷേ, അതുപിരിഞ്ഞുപോയ അച്ചൻ കുരുവി എല്ലാം കാണുന്നുണ്ടായിരുന്നു. അതുകൊണ്ട് സ്വന്തം കുഞ്ഞുങ്ങളെ വീട്ടിൽ കൊണ്ടുപോയി. അവർക്ക് ഭക്ഷണം കൊടുത്തു. എന്നിട്ട് അവർക്ക് എല്ലാ വിദ്യകളും പഠിപ്പിച്ചുകൊടുത്തു. അവർ സന്തോഷത്തോടെ ജീവിച്ചു പോയി. പക്ഷേ, അച്ചൻ കുരുവി ആ അമ്മ കുരുവിയെ കുറിച്ചു വിശമമുണ്ടായിരുന്നു.

3.A

എ.ദുർഗ

# പൂന്തോട്ടത്തിലെ സുന്ദരി

മനോഹരമായ ഒരു പൂന്തോട്ടം. ആ പൂന്തോട്ടം പൂവുകളുടെയും പൂമ്പാറ്റകളുടെയും രാജാവായിരുന്നു. പൂന്തോട്ടത്തിന്റെ ഭംഗി കമ്മൽ പോലെയുള്ള പൂവുകൾ വെളുത്ത പട്ട് പോലുള്ള ഇലകൾ. പൂവുകൾ നിറഞ്ഞ ചെടി ഇത്രയും ഭംഗിയായ പൂന്തോട്ടം അതിമനോഹരമാണ്. ആ പൂന്തോട്ടത്തിൽ സുന്ദരിയായ പൂമ്പാറ്റയുണ്ടായിരുന്നു. ആ പൂമ്പാറ്റയുടെ പേര് ചിന്നു എന്നായിരുന്നു. ആ പൂന്തോട്ടത്തിൽ വേറെയും മനോഹരമായ പൂമ്പാറ്റകളുണ്ട്. പക്ഷേ അതിനെക്കാൾ സുന്ദരി ചിന്നു പൂമ്പാറ്റയാണ്. ചിറകുകൾക്ക് മഞ്ഞയും ഓറഞ്ചും കലർന്ന നിറം. ഇടയ്ക്ക് ഇടയ്ക്ക് നീല പുള്ളിയുമായിട്ടുള്ള മനോഹരമായ ചിറക്. ചിന്നു പൂമ്പാറ്റയ്ക്ക് ഭംഗി ഉള്ളതു കൊണ്ട് മറ്റു പൂമ്പാറ്റകളൊന്നും കൂടെ കളിക്കില്ലായിരുന്നു. പെട്ടന്നാണ് പൂന്തോട്ടത്തിലേക്ക് ഒരു പൂന്പാറ്റ പറന്നു വന്നത്. ചിന്നു പൂമ്പാറ്റയ്ക്ക് ആ പൂമ്പാറ്റയെ വളരെ ഇഷ്ടപ്പെട്ടു. ആ പൂമ്പാറ്റയ്ക്ക് അവളെയു ഇഷ്ടപ്പെട്ടു. രണ്ടു പേരും കൂട്ടുകാരിയായി. കളിച്ച് ചിരിച്ച് രണ്ടു പൂമ്പാറ്റകളുടെയും ജീവിതം നല്ല രീതിയിൽ കടന്നുപോയി.

ആരാധ്യ. കെ
5.A

# സന്തോഷത്തിന്റെ ലോകം

ഒരു ഗ്രാമത്തിലെ ജനങ്ങൾ പരസ്പരം മിണ്ടാതെ ഉണ്ടായിരുന്നു. അവർ പരസ്പരം നോക്കുകപോലുമില്ല. ഒരു ദിവസം അവിടേക്ക് ഒരാൾവന്നു. അവർ അവിടെ ഉണ്ടായിരുന്ന ഒരാളോട് ചോദിച്ചു. നിങ്ങളുടെ പേര് എന്താണ്? അവർ ഒന്നും മിണ്ടിയില്ല. അവർ വീണ്ടും വീണ്ടും ചോദിച്ചു. ഒന്നും മിണ്ടിയില്ല. അവിടെ ഉണ്ടായിരുന്ന ഒരു കുട്ടിയോട് ചോദിച്ചു. ആ കുട്ടിയും ഒന്നും മിണ്ടിയില്ല. അവർ അവിടെ നിന്ന് പോയി. പിറ്റെ ദിവസം ആ കുട്ടി അയാളുടെ അടുത്തേക്ക് പോയി. അയാളോട് എല്ലാക്കാരിയവും പറഞ്ഞു. അവർ ആരെയും പരസ്പരം നോക്കുകയില്ലെന്നും മിണ്ടാറില്ലെന്നും പറഞ്ഞു. ഇക്കാര്യം പറഞ്ഞതിനു ശേഷം ആകുട്ടി അവിടെ നിന്ന് പോയി.അയാൾ തീരുമാനിച്ചു ഇവരെ ശരിയാക്കണമെന്നും അവർ പരസ്പരം മിണ്ടണമെന്നും തീരുമാനിച്ചു. അയാൾ അവരുടെ വീടിന്റെ മുൻപിൽ കത്ത് കൊണ്ടുവെച്ചു. ആക്കത്തിലുണ്ടായത് നിങ്ങളെല്ലാവരും മൈതാനത്തിനടുത്ത് മരച്ചുവട്ടിലേക്ക് വരണം എന്നായിരുന്നു ആ കത്തിൽ ഉണ്ടായിരുന്നത്. അവർ എല്ലാവരും ആ മരച്ചുവട്ടിൽ വന്നു. അവർ ആരെയും നോക്കാതെ തലക്കുനിച്ചുനിന്നു. അയാൾ ഒരു കഥ പറഞ്ഞു. മഴവില്ല് വരയ്ക്കുന്നവർ എന്ന കഥയാണ് പറഞ്ഞത്. ആ കഥ കേട്ട് അവർ പരസ്പരം നോക്കി.

FARZANA 5.A

# പറന്നുയരാൻ മോഹം

കരടിക്കുഞ്ഞുങ്ങൾക്ക് പറക്കാൻ മോഹം.അച്ഛൻ കരടിയോട് പറഞ്ഞു. അന്നേരം തന്നെ അതിലേ പറക്കുന്ന തേനീച്ചകളെ കണ്ടപ്പോൾ കരടി കുഞ്ഞിന് കൂടുതൽ കൗതുകമായി.മകന്റെ ആഗ്രഹം സഫലീകരിക്കാൻ അച്ഛൻ ചെയ്തത് എന്താണെന്നറിയാമോ?. ഒരു ബലൂൺ പറപ്പിച്ച് അതിലൂടെ കരടിക്കുഞ്ഞിനെ പറപ്പിച്ച് വിട്ടു.ആ കരടിക്കുട്ടന് ഇതിൽ പരം സന്തോഷം മറ്റൊന്നുണ്ടോ.

**അമൽ ദേവ്**
1A

# അമ്മ താറാവും കുഞ്ഞുങ്ങളും

ക്വാക്ക്.... ക്വാക്ക്.... താറാവ്....
ക്വാക്ക്.... ക്വാക്ക്....താറാവ്....

നീന്തി കളിക്കും താറാവ്....
തുള്ളിക്കളിക്കും താറാവ്....

ആഴം നിറഞ്ഞ കുളത്തിൽ പോലും
നീന്തിക്കളിക്കും താറാവ്....

ക്വാക്ക് .... ക്വാക്ക് .... താറാവ്....
ക്വാക്ക് ....ക്വാക്ക് ....താറാവ്....

പാറി നടക്കും തുമ്പിയെ പോലും
തുള്ളി പിടിക്കും താറാവ് ....

വട്ടത്തിൽ നീന്തി നീളത്തിൽ നീന്തി
ചുറ്റി കളിക്കും താറാവ് ....

ക്വാക്ക് .... ക്വാക്ക് .... താറാവ് ....
ക്വാക്ക് .... ക്വാക്ക് .... താറാവ്....

വരിവരിയായി നിരനിരയായി
അമ്മ താറാവിന് ചുറ്റിലുമായി

നീന്തി കളിക്കും താറാവ് ....
തുള്ളി കളിക്കും താറാവ്....

ക്വാക്ക് .... ക്വാക്ക് .... താറാവ് ....
ക്വാക്ക് .... ക്വാക്ക് .... താറാവ് ....

**ദേവഹിത. എസ്.എ**
1.B

# मॅरा दोस्त

मॅरा दोस्त प्यारी हौ।
मॅरा जलत सही करत हौ।
इसकॅ सबकॉ पसद हौ ।
इस अय्या पडता हौ ।
ये हौ मॅरा दोस्त ।

अनीरुदध. ए
5. B

# മൃതിയെത്തേടുന്നവൻ

മൂടിപുതപ്പിച്ച ധവളതുണിക്കരികിലിരുന്ന്
തന്റെ ജീവിതാഭിലാഷങ്ങളെ തുടച്ചുനീ-
ക്കുന്ന മാതാപ്പിതാക്കൾ.
ഹൃദയത്തിന്റെ ഓരോ ഏടുകളിൽ അന്തി-
യുറങ്ങുന്ന ഓർമ്മകളെ പൊടിത്തട്ടിയെടുക്കുന്ന
കൂട്ടുക്കാർ
ലഹരികാർന്നുതിന്ന കരളിന്റെ ഗന്ധം
തേടുന്ന കാമുകി.
അവൻ വലിച്ചൂതിയ പുകച്ചുരുളുകൾകൊണ്ട്
മൂടപ്പെട്ട വീട്.
കത്തിയമർന്ന വീട്ടിലെ കനൽപോലെ
വീണ്ടും അത് ജ്വലിക്കാൻ വെമ്പുന്നു...
ഒരു മൃതിയുടെ വാതിലിനപ്പുറം...

**ശ്രീഷ്മ സി കെ**
9B

# മലയാളം

മധുരം നിറയും മലയാളം
മധുരം കിനിയും മലയാളം
മഹനീയതയുടം മലയാളം

കീർത്തിയെഴുന്നൊരു മലയാളം
വർണ്ണമെഴുന്നൊരു മലയാളം
കേരളനാടിൻ കമനീയതയെ
കനകം ചാർത്തിയ മലയാളം

മാമലനാടിൻ മലയാളം
മാനവികതയുടെ മലയാളം
മാവേലിനാടിൻ സംസ്കാരത്തെ
കിങ്ങിണി കെട്ടിയ മലയാളം

മണ്ണിലുണർന്നൊരു മലയാളം
വിണ്ണിലുയർന്നൊരു മലയാളം
മണ്ണും വിണ്ണും ഒന്നായി പാടിയ
ജനകോടികളുടെ മലയാളം

അൻശിഖ.എം
2A

# സൂര്യൻ

മലയുടെ മുകളിൽ കാലത്ത്
വെളിച്ചം പകരുന്ന സൂര്യദേവൻ
തലയുടെ മുകളിൽ ഉച്ചയ്ക്ക്
ആകാശത്തിനും വർണ്ണം നൽകി
കടലിൽ  താഴും സന്ധ്യയ്ക്ക്
കാണാൻ എന്തൊരു അഴകാണ്

ആദിക.കെ.പി
1A

# പ്രഭാതം

കുഞ്ഞു പുക്കളിൽ
സുര്യന്റെ വെളിച്ചം പകരുന്നു
ഉറങ്ങിക്കിടന്ന പുഴ
തന്റെ താളാത്മകമായ ശബ്ദത്താൽ
ഒഴുകി ഒഴുകി പോകുന്നു
മേഘങ്ങൾ എഴുതുന്ന ഓരോ
കവിതകൾ ഓരോമഴത്തുള്ളികളായി വീഴുന്നു
നിന്റെ അംശമില്ലാത്തതിനാൽ ഉറങ്ങി
തളർന്ന കൊച്ചുപ്പൂക്കൾ നീ വന്നപ്പോൾ
എല്ലാവരെയും ആകർഷിക്കാൻ തുടങ്ങി.
ഞാൻ എഴുതുന്ന ഓരോ കവിതകളും
നിന്റെ ഇളംക്കാറ്റിൽ ആടിയുലഞ്ഞ്
നീ വിരിച്ച പൂക്കളിൽ തേൻ കുടിക്കാൻ
എത്തുന്ന പൂമ്പാറ്റകളായി മാറുന്നു

**ആര്യനന്ദ**

നന്ദി...